# വിശുദ്ധിയുടെ വഴി

**തെരഞ്ഞെടുത്ത 50 ഹദീസുകൾ**

# വിശുദ്ധിയുടെ വഴി

## തെരഞ്ഞെടുത്ത 50 ഹദീസുകൾ

കുഞ്ഞിമുഹമ്മദ് വളാഞ്ചേരി

ഇസ്‌ലാമിക് പബ്ലിഷിംഗ് ഹൗസ്
കോഴിക്കോട് • തിരുവനന്തപുരം • എറണാകുളം
തൃശൂർ • കണ്ണൂർ • മലപ്പുറം

**VISUDHIYUDE VAZHI** *(Malayalam)*
*(Religion/Islam)*
*By* KUNHIMUHAMMED VALANCHERY
Publishers:
**ISLAMIC PUBLISHING HOUSE**
P.O. Merikkunnu, Kozhikode- 673 012
Kerala State, India
E-mail: iphdir@gmail.com
Web: www.iphkerala.com
First Edition : May 2011
Cover Design : Nasar Eramangalam
Typesetting : Anshad Wandanam
Printers : Printarts Offset, Feroke
Rights with the Publishers
**Distribution**
I.P.H. Fourland Building, Rajaji Road, Kozhikode -673 004, E-mail : iphcalicut@gmail.com
I.P.H, Islamic Centre, Market lane, Palayam, Thiruvananthapuram - 695 034
I.P.H, Madeena Masjid Complex, Padma Jn. Pullepady, Eranakulam - 682 035
I.P.H, I.P.H. Tower, P.O. Road, Thrissur -680 001
I.P.H, Kohinoor Arcade, Opp. Noor Masjid, Kannur -670 001
I.P.H, Masjid Building, Kunnummal, Malappuram -676 505
I.P.H, M.P. Road, Kozhikode - 673 001

**Price ` : 70.00**

VIV 2 Sub 20 SN 603/3000

# ആമുഖം

**അ**റബി കോളേജിൽ ഇസ്‌ലാമിക പഠനം ആരംഭിച്ചപ്പോൾ തന്നെ പാഠ്യവിഷയങ്ങളിൽ 'ഹദീസ്' എന്നെ ഏറെ ആകർഷിച്ചു. നബി വചനങ്ങൾ ജീവിതത്തിന്റെ ദൈനംദിനകാര്യങ്ങളിൽ മാതൃവാത്സല്യം കണക്കെ ഇടപെടുകയും നേരിന്റെ കൈത്തിരി കത്തിച്ചുവെക്കുകയും ചെയ്യുന്നു. മുലപ്പാൽ പോലെ ഏറെ സരളവും ലളിതവും എന്നാൽ പോഷകവുമായ ഒരു പാഠ്യവിഷയമാണതെന്ന് അന്നേ ബോധ്യമായി.

ഇസ്‌ലാമിക ജീവിത സംബന്ധിയായ ഏത് വിഷയത്തിനും ഉത്തമ പരിഹാരം നിർദേശിക്കുന്നു എന്നതാണ് ഹദീസിന്റെ മുഖ്യ സവിശേഷത. ഭാഷ അതീവ ലളിതം, ആശയമേന്മ, ആകർഷണീയമായ വാചകഘടന, പുതുമ വിടാത്ത വിഷയ ഗുണം, സമർഥനായ ഒരധ്യാപകന്റെ അധ്യയനശൈലി, സാധാരണക്കാർക്കും സുഗ്രാഹ്യമായ അവതരണ ഭംഗി– ഇതൊക്കെ ഖുർആനെപ്പോലെ ഹദീസിന്റെയും പ്രത്യേകതകളിൽപെടുന്നു. 'ഹദീസ്' എന്ന പദത്തിന്റെ അർഥവും ആശയവും നവീനം (പുതുവാർത്ത) എന്നാകുന്നു. ഇംഗ്ലീഷിൽ വ്യവഹരിച്ചാൽ 'ന്യൂസും' ഫ്രഷുമാണ് ഹദീസ്. വിശ്വാസികൾക്കത് പ്രവാചകനിൽനിന്നും പുറപ്പെടുന്ന പുതുവാർത്തകളും അറിയിപ്പുകളുമാണ്.

ലോകാവസാനം വരെയുള്ള മനുഷ്യർക്കാകമാനം ദൈവത്തിലേക്കുള്ള ശരിയായ ദിശ കാണിക്കാൻ അവന്റെ അന്ത്യ ദൂതൻ എന്ന നിലയിൽ ആഗതനായ മുഹമ്മദ് നബി(സ)യുടെ വാക്ക്, പ്രവൃത്തി, സമ്മതം, പ്രവാചകനെക്കുറിച്ച വിശേഷണം, വർണന, സച്ചരിതം(സീറഃ) എന്നിവ സാങ്കേതികാർഥത്തിൽ ഹദീസ് എന്ന് വിവക്ഷിക്കപ്പെടുന്നു. ആ മഹാസാഗരത്തിലെ ഒരു കൈക്കുമ്പിളിൽ ഒതുങ്ങുന്ന അമ്പത് ഹദീസുകളുടെ സമാഹാരമാണ് ഈ കൃതി.

വിശ്വാസകാര്യങ്ങൾ, ആരാധനകൾ, അനുദിനജീവിതമുറകൾ, സംസ്കരണം, ധാർമിക ബോധം, സാമൂഹ്യ-സാമ്പത്തിക ഇടപാടുകൾ, പരലോകം എന്നിവയുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കാണ് ഇതിൽ ഊന്നൽ നൽകിയിട്ടുള്ളത്.

ഇത് പുസ്തകമായി പ്രസിദ്ധീകരിക്കുന്ന ഐ.പി.എച്ചിനും അവതാരിക തയാറാക്കിയ പ്രബോധനം എഡിറ്റർ ടി.കെ. ഉബൈദ് സൂക്ഷ്മ പരിശോധന നിർവഹിച്ച ഹൈദരലി ശാന്തപുരം, മുഹമ്മദ് കാടേരി, *പ്രബോധനം* വാരികയിൽനിന്ന് ക്രോഡീകരിക്കാൻ സഹായിച്ച പൗത്രൻ ഇംറാൻ എന്നിവർക്കും സൽവഴിയിലേക്ക് കൈപിടിച്ച് നയിച്ച മാതാപിതാക്കൾക്കും നന്ദി പറയുന്നതോടൊപ്പം അല്ലാഹു അവർക്കെല്ലാം തക്ക പ്രതിഫലം നൽകട്ടെയെന്ന് പ്രാർഥിക്കുകയും ചെയ്യുന്നു.

**കുഞ്ഞിമുഹമ്മദ് വളാഞ്ചേരി**

**കുഞ്ഞിമുഹമ്മദ് വളാഞ്ചേരി**

പണ്ഡിതൻ, അധ്യാപകൻ, എഴുത്തുകാരൻ. 1939-ൽ മലപ്പുറം ജില്ലയിലെ കാട്ടിപ്പരുത്തിയിൽ ജനനം. പിതാവ് പാറമ്മൽ മരക്കാർ ഹാജി. മാതാവ് കോരക്കോട്ടിൽ ഫാത്വിമ. ആലിയ അറബിക്കോളേജ് കാസർകോട്, ജാമിഅ ദാറുസ്സലാം ഉമറാബാദ്, മദീന ഇസ്‌ലാമിക് യൂനിവേഴ്സിറ്റി എന്നിവിടങ്ങളിൽ വിദ്യാഭ്യാസം. സുഊദി ഗവൺമെന്റിന്റെ മർകസുദ്ദഅ്‌വ വൽ ഇർശാദ് വകുപ്പിന്റെ കീഴിൽ യു.എ.ഇയിൽ ഇരുപത്താറ് വർഷം മതാധ്യാപകനായി സേവനമനുഷ്ഠിച്ചു. *പ്രബോധനം, ചന്ദ്രിക, അൽമനാർ* തുടങ്ങിയ ആനുകാലികങ്ങളിൽ ഇസ്‌ലാമിക വിഷയങ്ങളിൽ ലേഖനങ്ങൾ എഴുതാറുണ്ട്. ഉമ്മുൽ ഖുവൈൻ റേഡിയോവിൽ മലയാള പ്രഭാഷണങ്ങൾ നടത്തി. കൃതികൾ: *ഹജ്ജിന്റെ ആത്മാവ്*(വിവ), *ഹജ്ജ് ഒരു സമഗ്ര രൂപം, ഹജ്ജ് ഒരു ലഘുപാഠം, മുസ്‌ലിം വിദ്യാർഥികൾക്കൊരു മതബോധന പദ്ധതി.*

## അവതാരിക
# സർഗാത്മകമായ ഹദീസ് വ്യാഖ്യാനം

**അ**ന്ത്യപ്രവാചകൻ മുഹമ്മദ് മുസ്ത്വഫാ(സ)യുടെ ജീവിതചര്യയാണ് ഹദീസ് എന്ന് വ്യവഹരിക്കപ്പെടുന്നത്. തിരുമേനിയുടെ പ്രകൃതം ഖുർആൻ ആയിരുന്നുവെന്ന് ശിഷ്യഗണം സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. ഖുർആനിന്റെ ആധികാരികവും പ്രായോഗികവുമായ വ്യാഖ്യാനമാകുന്നു ഹദീസ്. പ്രവാചകനെ നിഷേധിച്ചുകൊണ്ട് അല്ലാഹുവിനെ അനുസരിക്കാനാവാത്തതുപോലെ ഹദീസിനെ നിരാകരിച്ചുകൊണ്ട് ഖുർആനെ പിൻപറ്റാനും കഴിയില്ല.

മുഹമ്മദ് നബി(സ) സമ്പൂർണ മനുഷ്യൻ (അൽ ഇൻസാനുൽ കാമിൽ) ആയിരുന്നു. സഫലമായ മർത്യ ജീവിതത്തിന് അല്ലാഹു കനിഞ്ഞരുളിയ സമ്പൂർണ മാതൃകയാണദ്ദേഹം. ജീവിതത്തിന്റെ ചെറുതും വലുതുമായ ഓരോ ചലനവും മഹിത മാതൃകയുൾക്കൊള്ളുന്നു. ഈ മാതൃകയോടു പുലർത്തിയ പ്രതിബദ്ധതയാണു പ്രവാചക ശിഷ്യന്മാരെ ചരിത്രത്തിലെ വിശുദ്ധവും അനുഗൃഹീതവുമായ സമാജമാക്കിയത്. പിൻതലമുറകളിൽ പക്ഷേ ഈ പ്രതിബദ്ധത ക്ഷയിച്ചു വന്നു. അതിനനുരോധമായി അവരുടെ മഹത്വവും വിശുദ്ധിയും ചോർന്നു പോവുകയും ചെയ്തു.

ഇസ്‌ലാമിക വിജ്ഞാനീയങ്ങളിൽ ഇടക്കാലത്ത് കർമശാസ്ത്രം (ഫിഖ്ഹ്) നേടിയ മേൽകൈയാൽ പ്രവാചക ചര്യ സർഗാത്മകമായി തലമുറകൾക്ക് കൈമാറുക എന്ന ദൗത്യം വിസ്മൃതമായി. തലമുറകൾക്ക് കൈമാറപ്പെടുന്നത് മദ്ഹബീ പണ്ഡിതന്മാർ രചിച്ച കർമശാസ്ത്ര സംഹിതകളായിത്തീർന്നു. സിവിൽ-ക്രിമിനിൽ നിയമങ്ങളുമായി ബന്ധപ്പെട്ട ഹദീസുകളേ അവർ കാര്യമായി പരിഗണിച്ചുള്ളൂ. അത്തരം ഹദീസുകളാണ് സൂക്ഷ്മമായ സംശോധനക്കും വ്യാഖ്യാന വിശകലനങ്ങൾക്കും വിധേയമായത്. പ്രചാരത്തിലുള്ള

പ്രമുഖ ഹദീസ് സമാഹാരങ്ങൾ പരിശോധിക്കുന്നവർക്ക് ഇക്കാര്യം അനായാസം ബോധ്യപ്പെടും. സാംസ്കാരികവും സാമൂഹികശാസ്ത്ര പരവുമായ ഹദീസ് പഠനങ്ങൾ വിരളമായേ കാണൂ. പ്രമാണങ്ങളെ നിയമത്തിന്റെ സാങ്കേതിക ദൃഷ്ടിയിലൂടെ മാത്രം കാണുന്ന ഈ പ്രവണത ഇസ്‌ലാമിക പണ്ഡിതന്മാരിൽ സർഗാത്മകത പുഷ്ടിപ്പെടാത്തതിന്റെ പ്രധാന കാരണങ്ങളിലൊന്നാണ്.

മുഹമ്മദീയ ജീവിതം ഏറെ ചർച്ച ചെയ്യപ്പെടുന്ന കാലമാണിത്. വിമർശനങ്ങളും ആരോപണങ്ങളും നിരന്തരം ഉന്നയിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. അതിന് കുറിക്കുകൊള്ളുന്ന മറുപടിയാവേണ്ടത് ഹദീസ് സാഹിത്യമാണ്. പക്ഷേ ആ നിലയിൽ എടുത്തുകൊടുക്കാവുന്ന ഹദീസ് കൃതികൾ വളരെ വിരളമാകുന്നു. മുൻകാലത്ത് സാംസ്കാരികവും മാനവികവുമായ പരിപ്രേക്ഷ്യത്തിൽ സുന്നത്ത് സമാഹരിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുക അപൂർവ്വമായിരുന്നുവെന്നതാണതിനു കാരണം.

വ്യക്തിത്വ രൂപീകരണം, സ്വഭാവസംസ്കരണം, സാംസ്കാരിക വികാസം തുടങ്ങിയ മാനങ്ങളുള്ള ഹദീസുകൾ തെരഞ്ഞെടുത്ത് കാലോചിതമായി വ്യാഖ്യാനിക്കുന്ന ചില കൃതികൾ അടുത്ത കാലത്തായി പുറത്തുവരുന്നുണ്ട്. അക്കൂട്ടത്തിൽ ഒരു വിലപ്പെട്ട സംഭാവനയാണ് അഭിവന്ദ്യപണ്ഡിതനായ പി.കുഞ്ഞിമുഹമ്മദ് മൗലവി 'വിശുദ്ധിയുടെ വഴി' എന്ന പേരിൽ അവതരിപ്പിക്കുന്ന ഈ പുസ്തകം. മതവും ജീവിതവും, ആത്മ സംസ്കരണം, അനുഷ്ഠാനങ്ങളുടെ ആത്മാവ്, മരണം, മരണാനന്തരം എന്നീ നാല് വിഭാഗങ്ങളിലായി 50 ഹദീസുകളാണ് അദ്ദേഹം കൈകാര്യം ചെയ്തിരിക്കുന്നത്. ലളിതവും അതേസമയം ഹ്രസ്വവുമാണ് വ്യാഖ്യാനം. കൊച്ചു കൊച്ചു ഹദീസുകളുദ്ധരിച്ച് അതിൽ ഇസ്‌ലാമിക സംസ്കാരത്തിന്റെ അടിസ്ഥാനാശയങ്ങൾ എങ്ങനെ പ്രകാശിതമാകുന്നുവെന്ന് സരളമായ ഭാഷയിൽ വിശദീകരിക്കുകയാണദ്ദേഹം. 'പ്രവാചകസ്നേഹം' എന്ന ശീർഷകത്തിൽ ഉദ്ധരിച്ച ഹദീസിന്റെ വിശദീകരണം എടുത്തുപറയാവുന്ന ഉദാഹരണമാകുന്നു. ബഹുമാന്യനായ കുഞ്ഞിമുഹമ്മദ് മൗലവിയുടെ ഈ സംരംഭം മലയാളത്തിലെ ഹദീസ് സാഹിത്യത്തിന് ഒരു മുതൽക്കൂട്ടായിത്തീരട്ടെ. കരുണാമയനായ അല്ലാഹു ഇതൊരു പുണ്യകർമമായി കൈക്കൊള്ളുമാറാകട്ടെ എന്ന് പ്രാർഥിക്കുന്നു.

മേരിക്കുന്ന്
19/03/2011

**ടി.കെ. ഉബൈദ്**

# അകം

## മതവും ജീവിതവും


ഇസ്‌ലാമിന്റെ വഴി ⏭ 15
ഇസ്‌ലാം എളുപ്പമാർഗം ⏭ 17
ഇസ്‌ലാം ധർമമാർഗം ⏭ 20
ഇബാദത്തും ജീവിതവും ⏭ 23
ഖുർആൻ പഠനത്തിന്റെ പ്രസക്തി ⏭ 26
ഖുർആൻ ഇല്ലാത്ത മനസ്സ് ⏭ 29
ഖുർആൻപഠനം ഒരു ജീവിതചര്യ ⏭ 31
തൊഴിലും യാചനയും ⏭ 33
കൃഷി ഒരു പുണ്യകർമം ⏭ 36


## ആത്മസംസ്കരണം


സുഖലോലുപതയെ സൂക്ഷിക്കുക ⏭ 39
ചെറിയ തെറ്റുകൾ സൂക്ഷിക്കുക ⏭ 41
പ്രാർഥനയും ഇഹപരമോക്ഷവും ⏭ 43
അനാവശ്യങ്ങളിൽ ഇടപെടാതിരിക്കൽ ⏭ 45
അഹങ്കാരം: പിശാച് പോയ വഴി ⏭ 47
പ്രവാചകസ്നേഹം ⏭ 50
ഹൃദയശുദ്ധി കർമശുദ്ധി ⏭ 53
പ്രസന്നഭാവം പുണ്യകർമം ⏭ 56
കോപിക്കാതിരിക്കുക ⏭ 58
അല്ലാഹുവിന്റെ പരീക്ഷണങ്ങളും പരലോകമോക്ഷവും ⏭ 61
ചങ്ങാതി നന്നായാൽ.... ⏭ 63
സത്യവിശ്വാസി: നന്മയുടെ താക്കോലും തിന്മയുടെ താഴും ⏭ 65
നരകശിക്ഷ നിഷിദ്ധമായവർ ⏭ 68
കാരുണ്യം ദൈവത്തിന്റെ വരദാനം ⏭ 70

ദൈവസ്മരണ വിശ്വാസിയുടെ ഊർജം ⏭ 73
നിലനിൽക്കുന്ന സ്നേഹബന്ധം ⏭ 75
സ്വർഗം പണിയുന്നവർ ⏭ 77
അനുഗ്രഹങ്ങളോടുള്ള സമീപനം ⏭ 80

**അനുഷ്ഠാനങ്ങളുടെ ആത്മാവ്**

നമസ്കാരത്തിന്റെ സജീവത ⏭ 83
നമസ്കാരത്തിന്റെ ഉദാഹരണം ⏭ 86
ബാങ്കുവിളിയും വിളിക്കുന്നവരും ⏭ 88
അംഗശുദ്ധിയുടെ പ്രാധാന്യം ⏭ 91
സകാത്തും അർപ്പണവും ⏭ 93
സത്യവിശ്വാസിയും സമ്പത്തും ⏭ 95
ഐശ്വര്യവും ജീവിതവിജയവും ⏭ 97
തണലേകുന്നവർക്ക് തണൽ ⏭ 99
പൊതുമുതൽ കൈകാര്യം ചെയ്യുമ്പോൾ ⏭ 101
കൊടുക്കുന്നവനും വാങ്ങുന്നവനും ⏭ 104
ധനസമ്പാദനത്തിന്റെ ലക്ഷ്യം ⏭ 106
വ്രതമാസം: വിശ്വാസിയുടെ സന്തോഷനാളുകൾ ⏭ 109
ദൈവപ്രീതി മോഹിച്ചുള്ള വ്രതം ⏭ 111
വ്രതവും ഔദാര്യവും ⏭ 113
ഹജ്ജും ഉംറയും ⏭ 115
പാപമുക്തി ഉറപ്പാക്കുന്ന ഹജ്ജ് ⏭ 118
സ്വർഗപാത ⏭ 120

**മരണം, മരണാനന്തരം**

മരണ ചിന്ത ⏭ 123
അല്ലാഹുവിൽ ശുഭപ്രതീക്ഷ ⏭ 125
ഖബ്ർ സന്ദർശനത്തിന്റെ ലക്ഷ്യം ⏭ 128
മരണഭീതി ⏭ 131
സ്വർഗം നിരസിക്കുന്നവർ ⏭ 133
മരണാനന്തരം അവശേഷിക്കുന്ന സൽക്കർമങ്ങൾ ⏭ 135


# മതവും ജീവിതവും

# ഇസ്‌ലാമിന്റെ വഴി

عَنْ أَبِي عَمْرٍو وَقِيلَ أَبِي عَمْرَةَ سُفْيَانَ بْنِ عَبْدِ اللَّهِ رَضِيَ اللَّهُ عَنْهُ قَالَ: قُلْتُ يَا رَسُولَ اللَّهِ
قُلْ لِي فِي الْإِسْلَامِ قَوْلًا لَا أَسْأَلُ عَنْهُ أَحَدًا غَيْرَكَ، قَالَ: قُلْ آمَنْتُ بِاللَّهِ ثُمَّ اسْتَقِمْ (مسلم)

**അബൂഅംറ സുഫ്‌യാനുബ്നു അബ്ദില്ലാ പറഞ്ഞു: "അല്ലാഹുവിന്റെ ദൂതരേ, ഇസ്‌ലാമിനെക്കുറിച്ച് അങ്ങല്ലാത്ത മറ്റാരോടും ചോദിച്ചറിയേണ്ട ആവശ്യം വരാത്തവിധം ഒരു വചനം എനിക്ക് പറഞ്ഞുതരണം." തിരുമേനി പറഞ്ഞു: "ഞാൻ അല്ലാഹുവിൽ വിശ്വസിച്ചിരിക്കുന്നുവെന്ന് പ്രഖ്യാപിക്കുക. പിന്നെ അതിൽ അടിയുറച്ച് നിലകൊള്ളുക." (മുസ്‌ലിം)**

ഇസ്‌ലാമിന്റെ വിശ്വാസസംഹിതയും കർമജീവിതവും സമഗ്രമായി ഉൾക്കൊള്ളുന്ന ഒരു ഉപദേശം തേടി പ്രവാചക ഗുരുവിനെ സമീപിക്കുകയാണ് ഒരു ശിഷ്യൻ. മറ്റാരോടും വിശദീകരണം തേടേണ്ടി വരാത്തത്ര ലളിതമായിരിക്കണം ഉപദേശമെന്ന് അയാൾ ആവശ്യപ്പെടുന്നു.

ഇസ്‌ലാമിലെ ആദർശവാക്യം (കലിമതുത്തൗഹീദ്) അതിന്റെ സാക്ഷാൽ വിവക്ഷയോടെ അംഗീകരിച്ചതായി പ്രഖ്യാപിച്ചുകൊണ്ട് അത് മുന്നോട്ടുവെക്കുന്ന ജീവിതസരണിയിൽ അടിയുറച്ച് നിൽക്കുക എന്നായിരുന്നു പ്രവാചകന്റെ പ്രത്യുത്തരം. ഖുർആനിലും സമാനമായ ഒരു വചനമുണ്ട്: "നിശ്ചയം, നിങ്ങളുടെ ഇലാഹ് ഏക ഇലാഹ് മാത്രം. അതിനാൽ അവങ്കലേക്കുള്ള സരണിയിൽത്തന്നെ ചൊവ്വായി നിലകൊള്ളുവിൻ." (ഫുസ്സിലത്ത്: 6)

ഏതാണ് ഈ സരണി? വിശുദ്ധ ഖുർആനും തിരുസുന്നത്തും വിവരിച്ചുതരുന്ന പാത ഏതാണോ അതുതന്നെ. അപ്പോൾ കലിമതുത്തൗഹീദ് പ്രഖ്യാപിച്ച് അതിൽ നിലകൊള്ളുക എന്നതിനർഥം അല്ലാഹുവിൽ വിശ്വാസമർപ്പിച്ച് ഖുർആനും തിരുസുന്നത്തുമനുസരിച്ച് ജീവിക്കുക എന്നാകുന്നു.